595334/2023/INWARD EXCISE

HQ/6/2023/EXCISE

**കേരള എക്സൈസ് വകുപ്പ്**

**"മാതൃഭാഷ-മലയാളം"**

എക്സൈസ് കമ്മീഷണറുടെ കാര്യാലയം

തിരുവനന്തപുരം,

തീയതി: 10-05-2023

ഇ-മെയിൽ : ecoffice.exc@kerala.gov.in

ഫോൺ:0471-2332632

**സർക്കുലർ നം-HQ/6/2023/EXCISE**

പരാമർശം 1.കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ 13.06.1989 ലെ 01/89 നമ്പർ ഉത്തരവ്
2. സംസ്ഥാന നികുതി വകുപ്പിൻറെ 21.06.2 0 2 2 തീയതിയിലെ നമ്പർ 492/2022/(സാധാ.) ഉത്തരവ്.

എൻ.ഡി.പി.എസ് കേസുകളിൽ പിടിച്ചെടുക്കുന്ന ലഹരി വസ്തുക്കൾ എപ്രകാരം സൂക്ഷിക്കണമെന്ന് പരാമർശം-1 ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ എക്സൈസിന്റെ 10 ഓഫീസുകളെ ഗോഡൗണുകളായി പ്രഖ്യാപിച്ചുകൊണ്ട് പരാമർശം-2 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. 2022-ലെ NDPS (Seizure, Sampling, Storage and Disposal) ചട്ടം നിലവിൽ വന്നതോടെ മയക്കുമരുന്ന് കേസുകളിൽ, മയക്കുമരുന്ന്, അത് കടത്താൻ ഉപയോഗിച്ച വാഹനങ്ങൾ തുടങ്ങിയ വസ്തുക്കൾ പിടിച്ചെടുക്കേണ്ടിവരുമ്പോഴും പിടിച്ചെടുത്ത വസ്തുക്കളിൽ നിന്നും സാമ്പിൾ ശേഖരിക്കുന്നതിനും, അവ ഭദ്രമായി സൂക്ഷിക്കുന്നതിനും, അവ കൈയൊഴിക്കുന്നതിനും (disposal) ചട്ടത്തിൽ വിവരിക്കുന്ന നടപടി ക്രമങ്ങൾ എല്ലാവരും പാലിക്കേണ്ടതുണ്ട്. ചട്ടത്തിലെ നടപടി ക്രമങ്ങൾ പാലിക്കാത്ത പക്ഷം പ്രതികൾ വിചാരണവേളയിൽ ഇക്കാര്യം ഉന്നയിക്കുന്നതിനും കേസുകൾ വിട്ടുപോകുന്നതിനും ഇടയാക്കും. മയക്കുമരുന്നുകൾ പിടിച്ചെടുക്കുന്ന കേസുകളിൽ താഴെപ്പറയുന്ന നടപടിക്രമങ്ങൾ നിർബന്ധമായും പാലിക്കേണ്ടതാണ്. സ്മാൾ/മീഡിയം ക്വാണ്ടിറ്റി കേസുകളിൽ ഈ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടെന്ന് അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാരും (എൻഫോഴ്സ്മെന്റ്) കൊമേഴ്സ്യൽ ക്വാണ്ടിറ്റി കേസുകളിൽ ഈ നടപടി ക്രമങ്ങൾ പാലിച്ചിട്ടുണ്ടെന്ന് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരും (ഡിവിഷണൽ) ഉറപ്പുവരുത്തേണ്ടതാണ്.

1. മയക്കുമരുന്ന് പദാർത്ഥങ്ങളും നിരോധിത വസ്തുക്കളും എൻ.ഡി.പി.എസ് നിയമത്തിനു കീഴിലെ വ്യവസ്ഥകൾക്ക് വിധേയമായി പിടിച്ചെടുക്കുമ്പോൾ ആ സ്ഥലത്തു വച്ചു തന്നെ അവയുടെ ഭൗതിക പ്രത്യേകതയും ഡ്രഗ് ഡിറ്റക്ഷൻ കിറ്റ് ഉപയോഗിച്ചുള്ള പരിശോധനയിലെ ഫലവും അനുസരിച്ച് വെവ്വേറെ അളന്നു നോക്കി അളവ് രേഖപ്പെടുത്തേണ്ടതാണ്. (ചട്ടം 3(1) ).
2. മയക്കുമരുന്ന്, ലഹരിപദാർത്ഥങ്ങൾ, നിരോധിത വസ്തുക്കൾ എന്നിവ പിടിച്ചെടുക്കുമ്പോൾ ആയത് പാക്കറ്റുകളിലോ കവറുകളിലോ പെട്ടികളിലോ സൂക്ഷിച്ച നിലയിൽ ആണെങ്കിൽ അത്തരം കവറുകളും പെട്ടികളും വെവ്വേറെ അളവ് രേഖപ്പെടുത്തിയ ശേഷം തിരിച്ചറിയാനായി ക്രമ നമ്പർ നൽകേണ്ടതാണ്. (ചട്ടം 3(2) ).
3. എൻ.ഡി.പി.എസ് പദാർത്ഥങ്ങൾ പിടിച്ചെടുക്കുമ്പോൾ അവ പാക്കറ്റുകളിൽ പൊതിഞ്ഞോ പെട്ടികളിൽ അടക്കം ചെയ്ത നിലയിലോ അല്ലെങ്കിൽ അത് അളന്ന് തിട്ടപ്പെടുത്തി കൃത്രിമം നടത്താൻ കഴിയാത്ത ബാഗിലോ കണ്ടെയ്നറിലോ പൊതിഞ്ഞെടുത്ത് ക്രമനമ്പർ നൽകി പദാർത്ഥത്തിന്റെ തൂക്കം, പ്രത്യേകത, പിടിച്ചെടുത്ത തീയതി എന്നിവ ബാഗിന്മേൽ/ പെട്ടിയിൽ രേഖപ്പെടുത്തേണ്ടതാണ്. (ചട്ടം 3(3) ).

4. കഞ്ചാവ്, കറുപ്പ് എന്നിവ ഉയർന്ന അളവിൽ പിടിച്ചെടുക്കുന്ന അവസരത്തിൽ ആയത് കേടു വരാത്ത/കൃത്രിമം നടത്താൻ കഴിയാത്ത വിധം ചാക്കുകളിൽ സീൽ ചെയ്ത് സൂക്ഷിക്കേണ്ടതാണ്. (ചട്ടം 3(3) ).
5. മയക്കമരുന്ന് ഒളിപ്പിച്ചു വയ്ക്കാൻ ഉപയോഗിച്ച ട്രോളിബാഗുകൾ, ബാക്ക്പായ്ക്കുകൾ തുടങ്ങിയവ വെവ്വേറെ സീൽ ചെയ്യേണ്ടതാണ്. (ചട്ടം 3(3) ).
6. മുകളിൽ പ്രതിപാദിച്ച പ്രകാരം പിടിച്ചെടുത്ത മയക്കമരുന്നുകളുടെ തരംതിരിക്കലും, അളവെടുക്കലും, പാക്കിങ്ങും, ക്രമനമ്പർ നൽകുന്നതും ആരിൽ നിന്നുമാണോ മയക്കമരുന്ന് പിടിച്ചെടുത്തത് അയാളുടെയും, പരിശോധന സമയം സന്നിഹിതരായിരുന്ന സാക്ഷികളുടെയും സാന്നിധ്യത്തിൽ ആയിരിക്കണം. ഇക്കാര്യം പിടിച്ചെടുത്ത സ്ഥലത്ത് വെച്ച് തയ്യാറാക്കുന്ന മഹസറിൽ പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. (ചട്ടം 3(4) ).
7. പിടിച്ചെടുക്കുന്ന വസ്തുക്കൾ, വാഹനങ്ങൾ, പെട്ടികൾ, പാക്കറ്റുകൾ എന്നിവ വിശദമാക്കി ഇൻവെന്ററി തയ്യാറാക്കേണ്ടതും ആയത് മഹസറിനൊപ്പം ചേർക്കേണ്ടതുമാണ്. എൻ.ഡി.പി.എസ് നിയമപ്രകാരം മയക്കമരുന്നുകൾ മുകളിൽ പറഞ്ഞ രീതിയിൽ പിടിച്ചെടുത്തു കഴിഞ്ഞാൽ ആയത് 2022-ലെ എൻ.ഡി.പി.എസ് (Seizure, Storage, Sampling and Disposal) ചട്ടത്തിൽ വിവരിക്കും പ്രകാരം സംസ്ഥാന സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള ഗോഡൗണിൽ സൂക്ഷിക്കുന്നതിനായി ടി ചട്ടത്തിനൊപ്പം ചേർത്തിട്ടുള്ള ഫോറം-1 പ്രകാരമുള്ള മെമ്മോറാണ്ടം തയ്യാറാക്കി 4 8 മണിക്കൂറിനകം ഏറ്റവും അടുത്തുള്ള ഗോഡൗണിന്റെ ചുമതലക്കാരനായ ഉദ്യോഗസ്ഥനെ ഏൽപ്പിച്ച് ചട്ടത്തിൽ പ്രതിപാദിച്ചിട്ടുള്ള ഫോറം രണ്ട് പ്രകാരമുള്ള കൈചീട്ട് (രസീത്) വാങ്ങേണ്ടതാണ്. (ചട്ടം 5(1) ).
8. ഗോഡൗണിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന് മുമ്പാകെ ഹാജരാക്കപ്പെടുന്ന വസ്തുക്കൾ യഥാവിധി പാക്ക് ചെയ്തിട്ടുണ്ടെന്നും, സീൽ പതിച്ചിട്ടുണ്ടെന്നും, മുതലുകൾ പിടിച്ചെടുത്ത ഉദ്യോഗസ്ഥൻ സമർപ്പിക്കുന്ന ഫോറം-1 ൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങളും സംഗതികളുമായി ഒത്തു നോക്കി ടി വസ്തുക്കൾ സ്വീകരിച്ചതിലേക്ക് ഫോറം-2 പ്രകാരം കൈപ്പറ്റ് രസീത് നൽകേണ്ടതാണ്. (ചട്ടം 5(2) ).
9. മുതലുകൾ പിടിച്ചെടുത്ത ഉദ്യോഗസ്ഥൻ, ഗോഡൗൺ ചുമതലയുള്ള അധികാരിയിൽ നിന്നും പിടിച്ചെടുത്ത മുതലുകൾ സ്വീകരിച്ചതിലേക്ക് ലഭിച്ച കൈപ്പറ്റ് രസീത്, മറ്റ് ബന്ധപ്പെട്ട പ്രമാണങ്ങൾ സഹിതം അന്വേഷണ ഉദ്യോഗസ്ഥന് തുടർ നടപടികൾക്കായി കൈമാറേണ്ടതാണ്. (ചട്ടം 5(3) ).
10. മുകളിൽ പറയും പ്രകാരം ഗോഡൗണിൽ സൂക്ഷിക്കുന്നതിനായി കൈപ്പറ്റുന്ന മുതലുകൾ കേസിന്റെ അന്വേഷണ ഘട്ടത്തിൽ എളുപ്പം എടുക്കാൻ കഴിയും വിധത്തിൽ ഓരോ കേസിലേയും മുതലുകൾ പ്രത്യേകം ക്രമത്തിൽ സൂക്ഷിക്കേണ്ടതാണ്. (ചട്ടം 6(1) ).
11. ഇപ്രകാരം ഗോഡൗണിൽ സൂക്ഷിക്കുന്നതിന് ലഭിച്ച മുതലുകൾ സംബന്ധിച്ച് ചട്ടത്തിൽ ചേർത്തിട്ടുള്ള ഫോറം-3 ൽ പറയും പ്രകാരം ഒരു രജിസ്റ്റർ ഗോഡൗണിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ എഴുതി ഗോഡൗണിൽ സൂക്ഷിക്കേണ്ടതാണ്. (ചട്ടം 6(2) ).
12. ഗോഡൗൺ ആയി പ്രഖ്യാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ ഇതിലേക്ക് പ്രത്യേകം മുറി സജ്ജമാക്കേണ്ടതും ആവശ്യമായ അടച്ചുറപ്പുള്ളതും ഡബിൾ ലോക്കുള്ളതുമായ അലമാര ഉറപ്പു വരുത്തേണ്ടതും, ടി മുറിക്ക് ഡബിൾ ലോക്ക് സംവിധാനം ഉണ്ടായിരിക്കേണ്ടതുമാണ്. ഗോഡൗൺ പ്രദേശം വ്യക്തമായി കാണത്തക്ക വിധം 30 ദിവസത്തെ ഡാറ്റ സംഭരിക്കാൻ ശേഷിയുള്ള സി.സി.ടി.വി സംവിധാനം ഒരുക്കേണ്ടതാണ്.
13. പിടിച്ചെടുത്ത വാഹനങ്ങൾ ഒഴികെയുള്ള മുതലുകൾ മേൽപ്പറഞ്ഞ സംവിധാനങ്ങളുള്ള മുറിയിലും സെയ്ഫിലുമായിട്ടായിരിക്കണം സൂക്ഷിക്കേണ്ടത്. (ചട്ടം 6(3) ).
14. ഗോഡൗണിന്റെ പരിശോധന ചുമതല ബന്ധപ്പെട്ട ഡിവിഷനിലെ എൻഫോഴ്സ്മെന്റ്

വിഭാഗത്തിന്റെ ചുമതലയുള്ള അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർക്കായിരിക്കും. അദ്ദേഹത്തിന്റെ അഭാവത്തിൽ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറുടെ ചാർജ് വഹിക്കുന്ന ഉദ്യോഗസ്ഥനായിരിക്കും പരിശോധനാ ചുമതല. പരിശോധനാ ചുമതലയുള്ള ഉദ്യോഗസ്ഥൻ മൂന്നു മാസത്തിലൊരിക്കൽ ഗോഡൗണിൽ പരിശോധന നടത്തേണ്ടതും ഗോഡൗണിൽ സൂക്ഷിച്ചിരിക്കുന്ന മുതലുകളുടെ സുരക്ഷ, ഭദ്രത, വേഗത്തിലുള്ള കൈയൊഴിക്കൽ എന്നിവ സംബന്ധിച്ച് തന്റെ അഭിപ്രായക്കുറിപ്പ് ഫോറം-3 പ്രകാരമുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ഗോഡൗൺ ഇൻസ്പെക്ഷൻ റിപ്പോർട്ട് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ മുഖാന്തിരം എക്സൈസ് കമ്മീഷണർക്ക് സമർപ്പിക്കേണ്ടതുമാണ്. (ചട്ടം 7).

15. എൻ.ഡി.പി.എസ് നിയമ പ്രകാരം പിടിച്ചെടുത്ത മുതലുകൾ അധികാരപരിധിയുള്ള എക്സൈസ് റേഞ്ച്/സ്ക്വാഡ് ഓഫീസ് ചാർജ് വഹിക്കുന്ന ഉദ്യോഗസ്ഥൻ മുമ്പാകെയോ, വകുപ്പ് 53 പ്രകാരം അധികാരമുള്ള ഉദ്യോഗസ്ഥൻ മുമ്പാകയോ ഹാജരാക്കേണ്ടതാണ്. അപ്രകാരം ഹാജരാക്കപ്പെടുന്ന വസ്തുക്കളുടെ ഒരു ഇൻവെന്ററി മേല്പറഞ്ഞ ഉദ്യോഗസ്ഥരോ, പിടിച്ചെടുത്ത ഉദ്യോഗസ്ഥൻ അപ്രകാരമുള്ള അധികാരമുള്ള ആളാണെങ്കിൽ ടിയാനോ ചട്ടത്തിൽ ചേർത്തിട്ടുള്ള ഫോറം-4 ൽ പറയും പ്രകാരം തയ്യാറാക്കി എൻ.ഡി.പി.എസ് നിയമത്തിലെ 52-A വകുപ്പിന്റെ രണ്ടാം ഉപവകുപ്പിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ എത്രയും പെട്ടെന്ന് ഇൻവെന്ററി തയ്യാറാക്കി ചട്ടത്തിൽ ചേർത്തിട്ടുള്ള ഫോറം-5 ൽ അപേക്ഷ തയ്യാറാക്കി ബന്ധപ്പെട്ട മജിസ്ട്രേറ്റിന് സമർപ്പിക്കേണ്ടതാണ്. (ചട്ടം 8).
16. എൻ.ഡി.പി.എസ് നിയമത്തിലെ 52-A വകുപ്പിന്റെ രണ്ടാം ഉപവകുപ്പിൽ പറയും പ്രകാരമുള്ള മജിസ്ട്രേറ്റിന് മുമ്പാകെ അപേക്ഷ സമർപ്പിച്ചാൽ മജിസ്ട്രേറ്റിന്റെ സാന്നിധ്യത്തിൽ പിടിച്ചെടുത്ത മുതലുകളുടെ സാമ്പിൾ ശേഖരിക്കുന്നുവെന്നും അവ ആക്ടിലെ ഉപവകുപ്പ പ്രകാരം മജിസ്ട്രേറ്റ് സാക്ഷ്യപ്പെടുത്തുന്നുവെന്നും അന്വേഷണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്. (ചട്ടം 9).
17. മയക്കമരുന്ന് അടക്കം ചെയ്ത ഓരോ പെട്ടി/പാക്കറ്റിൽ നിന്നും സാമ്പിളും അതിന്റെ ഡ്യൂപ്ളിക്കേറ്റ് സാമ്പിളും ശേഖരിക്കേണ്ടതാണ്. (ചട്ടം 10(1) ).
18. പിടിച്ചെടുക്കുന്ന പെട്ടികളോ പാക്കറ്റുകളോ ഒരേ തരത്തിലും, അളവിലും, തൂക്കത്തിലും ഒരേ അടയാള വിവരങ്ങളോടു കൂടിയതായിരിക്കുകയും, Drug Identification Kit ഉപയോഗിച്ചുള്ള നിറം പരിശോധനയിൽ ഓരോന്നിലും അടക്കം ചെയ്തിട്ടുള്ളതിന്റെ ഫലം എല്ലാവിധത്തിലും സമാന രീതിയിലുള്ളതാണെങ്കിൽ അത്തരം പാക്കറ്റുകളും പെട്ടികളും 10 എണ്ണത്തിൽ കവിയാത്ത വിധം ഒരു കെട്ടാക്കി അങ്ങനെയുള്ള ഓരോ കെട്ടിൽ നിന്നും സാമ്പിളും അതിന്റെ ഡ്യൂപ്ളിക്കേറ്റ് സാമ്പിളും കിട്ടത്തക്ക വിധം സാമ്പിൾ എടുക്കേണ്ടതാണ്. (ചട്ടം 10(2) ).
19. കഞ്ചാവ്, പോപ്പിസ്ട്രാ, ഹാഷിഷ് (ചരസ്) എന്നിവയാണെങ്കിൽ 4 0 പാക്കറ്റുകൾ/ പെട്ടികൾ വരെ ഒരു കെട്ടാക്കി സാമ്പിൾ ശേഖരിക്കാവുന്നതാണ്. (ചട്ടം 10(2) ).
20. ഏതെങ്കിലും പ്രത്യേക കെട്ടിലെ പാക്കറ്റിൽ നിന്നോ/പെട്ടിയിൽ നിന്നോ ആണ് സാമ്പിൾ ശേഖരിക്കുന്നതെങ്കിൽ ആ കെട്ടിലെ എല്ലാ പാക്കറ്റിൽ/പെട്ടിയിൽ നിന്നും സമാന അളവിലുള്ള സാമ്പിളുകൾ എടുത്ത് അവ കൂട്ടിക്കലർത്തിയ ശേഷം അതിൽ നിന്ന് സാമ്പിൾ ശേഖരിക്കേണ്ടതാണ്. (ചട്ടം 10(3) ).
21. കഞ്ചാവ് , ഒപ്പിയം, ഹാഷിഷ് (ചരസ്) എന്നിവയുടെ കാര്യത്തിൽ ഓരോ സാമ്പിളിനും 24 ഗ്രാമും, മറ്റുള്ള മയക്കമരുന്നുകൾ 5 ഗ്രാമിൽ കുറയാത്ത അളവിലും സാമ്പിളായി ശേഖരിക്കേണ്ടതും അതേ അളവിൽ ഡ്യൂപ്ലിക്കേറ്റ് സാമ്പിളും ശേഖരിക്കേണ്ടതാണ്. (ചട്ടം 11(1) ).
22. പിടിച്ചെടുത്ത പാക്കറ്റിലോ, പെട്ടിയിലോ ഉള്ള വസ്തു നന്നായി കൂട്ടിക്കലർത്തിയ ശേഷമായിരിക്കണം സാമ്പിളും ഡ്യൂപ്ലിക്കേറ്റും ശേഖരിക്കേണ്ടത്. (ചട്ടം 11(2) ).
23. മുകളിൽ പറഞ്ഞ പ്രകാരമുള്ള പിടിച്ചെടുത്ത വസ്തു സാമ്പിൾ അളവിലും കുറഞ്ഞ അളവിലുള്ള വസ്തുക്കളാണെങ്കിൽ പിടിച്ചെടുത്ത മുഴുവൻ വസ്തുവും പരിശോധനക്ക് അയക്കേണ്ടതാണ്. (ചട്ടം

11(3) ).

24. ഓരോ സാമ്പിളും ചൂടാക്കി ഒട്ടിച്ച പ്ലാസ്റ്റിക് ബാഗുകളിലോ, ചൂടിനെ പ്രതിരോധിക്കാൻ ശേഷിയുള്ള ഗ്ലാസ് ബോട്ടിലുകളിലോ, പരീക്ഷണ സാമഗ്രികളിലോ ശേഖരിക്കേണ്ടതും ആയവ കടലാസ് കവറുകളിൽ ശരിയായി സീൽ ചെയ്ത് 'original' എന്നും 'duplicate' എന്നും മാർക്ക് ചെയ്തിരിക്കേണ്ടതാണ്. (ചട്ടം 12(1) ).
25. ഇപ്രകാരം സീൽ ചെയ്ത കവറിന്മേൽ സാമ്പിൾ ശേഖരിച്ച് പാക്കറ്റിൽ/ പെട്ടിയിൽ രേഖപ്പെടുത്തിയ അതേ ക്രമനമ്പർ ആയിരിക്കണം രേഖപ്പെടുത്തേണ്ടത്. (ചട്ടം 12(2) ).
26. ഡ്യൂപ്ലിക്കേറ്റ് സാമ്പിൾ അടങ്ങിയിട്ടുള്ള കവറിന്മേൽ ഒറിജിനലിൽ ഉള്ളതിന് സമാനമായ ടെസ്റ്റ് മെമ്മോയുടെ പരാമർശങ്ങൾ രേഖപ്പെടുത്തി അത് പ്രത്യേകം മറ്റൊരു കവറിലാക്കി സീൽ ചെയ്ത് അതിന്മേൽ 'Secret drug sample/Test memo' എന്ന് രേഖപ്പെടുത്തി നിർദ്ദിഷ്ട ലബോറട്ടറിയിലേക്ക് പരിശോധനയ്ക്ക് അയക്കേണ്ടതാണ്. (ചട്ടം 12(3) ).
27. സാമ്പിളുകൾ മജിസ്ട്രേറ്റ് സാക്ഷ്യപ്പെടുത്തിയ ശേഷം അവ നേരിട്ട് രാസപരിശോധനയ്ക്കായി അധികാരപരിധിയുള്ള സംസ്ഥാന ഫോറൻസിക് ലാബിലേക്കോ, സംസ്ഥാന രാസപരിശോധന ലബോറട്ടറിയിലേക്കോ അയക്കേണ്ടതാണ്. (ചട്ടം 13(1) ).
28. പിടിച്ചെടുത്ത വസ്തുക്കളുടെ സാമ്പിളുകൾ ചട്ടത്തോടൊപ്പം ചേർത്തിട്ടുള്ള ഫോറം-6 ൽ പറയും പ്രകാരമുള്ള ടെസ്റ്റ് മെമ്മോ തയ്യാറാക്കി അയയ്ക്കേണ്ടതാണ്. ആയത് മൂന്ന് പകർപ്പായി തയ്യാറാക്കേണ്ടതാണ്. (ചട്ടം 13(2) ).
29. ഇപ്രകാരം തയ്യാറാക്കുന്ന ടെസ്റ്റ് മെമ്മോ പകർപ്പുകളിൽ ഒറിജിനലും പകർപ്പും സാമ്പിളുകളോടൊപ്പം ലബോറട്ടറിയിലേക്ക് അയക്കേണ്ടതും മൂന്നാം പകർപ്പ് അന്വേഷണ ഉദ്യോഗസ്ഥൻ കേസ് ഡയറിക്കൊപ്പം സൂക്ഷിക്കേണ്ടതുമാണ്.(ചട്ടം 13(3) ).
30. ലാബിലെ പരിശോധനാഫലം കോടതി അംഗീകരിച്ച് കഴിഞ്ഞാലുടൻ അന്വേഷണ ഉദ്യോഗസ്ഥന്റെ കൈവശം സൂക്ഷിച്ചിട്ടുള്ള ഡ്യൂപ്ലിക്കേറ്റ് സാമ്പിൾ പരിശോധനയ്ക്ക് ശേഷം ലാബിൽ നിന്നും തിരിച്ചയച്ച് കിട്ടുന്ന സാമ്പിളിന്റെ അവശിഷ്ടത്തിനൊപ്പം ഗോഡൗണിൽ ചട്ടം-5 ൽ വ്യവസ്ഥ ചെയ്ത പ്രകാരം നിക്ഷേപിക്കേണ്ടതാണ്. (ചട്ടം 15(2) ).
31. ഗോഡൗണിൽ സൂക്ഷിച്ചിരിക്കുന്ന മയക്കുമരുന്നിന്റെ ഗൗരവ സ്വഭാവം, മോഷണം ചെയ്യപ്പെട്ടു പോകാനുള്ള സാധ്യത എന്നിവ കണക്കിലെടുത്ത് അവ എൻ.ഡി.പി.എസ് ആക്ടിന്റെ 52-A വകുപ്പിൽ വ്യവസ്ഥ ചെയ്ത പ്രകാരം എത്രയും പെട്ടെന്ന് കൈയൊഴിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. (ചട്ടം 16)
32. റെയിഞ്ച്/സ്ക്വാഡ് ഓഫീസിന്റെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥനോ, എൻ.ഡി.പി.എസ് ആക്ട് 53 വകുപ്പ് പ്രകാരം അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനോ, രാസപരിശോധന റിപ്പോർട്ട് ലഭിച്ചാലുടൻ മയക്കുമരുന്ന് , കേസിൽ ഉൾപ്പെട്ട വാഹനം എന്നിവ എൻ.ഡി.പി.എസ് ആക്ടിലെ 52-A വകുപ്പിൽ പ്രതിപാദിക്കും പ്രകാരം കൈയൊഴിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. (ചട്ടം 17).

കുറിപ്പ്:- മയക്കുമരുന്നു കേസുകളിൽ ഉൾപ്പെട്ട വാഹനങ്ങൾ വിട്ടുനൽകുവാൻ ബന്ധപ്പെട്ട കോടതികൾക്ക് അധികാരമുണ്ടെന്നുള്ള ബഹു. സുപ്രീംകോടതി/ ബഹു. കേരള ഹൈക്കോടതികളുടെ വിധി നിലനിൽക്കുന്നതിനാൽ ടി നടപടികൾ ബന്ധപ്പെട്ട കോടതിയുടെ ഉത്തരവുകൾക്ക് വിധേയമായിമാത്രം നടപ്പാക്കേണ്ടതാണ്.

33. എൻ.ഡി.പി.എസ് ആക്ടിലെ 53 വകുപ്പ് പ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ മയക്കുമരുന്ന് പിടിച്ചെടുത്ത ഉദ്യോഗസ്ഥനോ എൻ.ഡി.പി.എസ് ആക്ടിലെ 52-A വകുപ്പിന്റെ

രണ്ടാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള അപേക്ഷ 2022-ലെ NDPS (Seizure, Sampling, Storage and Disposal) ചട്ടത്തിനൊപ്പം ചേർത്തിട്ടുള്ള ഫോറം- 5 ൽ മജിസ്ട്രേറ്റ് മുമ്പാകെ സമർപ്പിക്കേണ്ടതാണ്. (ചട്ടം 18(1) ).

34. മേൽപ്പറഞ്ഞ അപേക്ഷ മജിസ്ട്രേറ്റ് ആക്ടിലെ 52-A(3) വകുപ്പ് പ്രകാരം അനുവദിക്കുമ്പോൾ മേൽപ്പറഞ്ഞ ഉദ്യോഗസ്ഥൻ മജിസ്ട്രേറ്റ് സാക്ഷ്യപ്പെടുത്തിയ ഇൻവെന്ററി, ഫോട്ടോഗ്രാഫ്, മജിസ്ട്രേറ്റിന്റെ സാന്നിധ്യത്തിൽ ശേഖരിച്ച സാമ്പിൾ എന്നിവ കേസിന്റെ പ്രഥമ തെളിവായി സൂക്ഷിക്കേണ്ടതും പിടിച്ചെടുത്ത വസ്തുക്കളുടെ വിശദവിവരം അവയുടെ തീർപ്പാക്കലിനായി ഡ്രഗ് ഡിസ്പോസൽ കമ്മിറ്റിയുടെ ചെയർമാന് നൽകേണ്ടതുമാണ്. കൂടാതെ ഇതിന്റെ പകർപ്പ് പിടിച്ചെടുത്ത സാധനങ്ങൾ എന്നിവ ഗോഡൗണിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന് അയക്കേണ്ടതാണ്. (ചട്ടം 18(2) ).

35. ഇപ്രകാരം തീർപ്പാക്കേണ്ടവയുടെ വിശദമായ വിവരങ്ങൾ ലഭ്യമായാൽ ആയവ തീർപ്പാക്കുന്നതിന് Drug Disposal Committee 2022 ലെ NDPS (Seizure, Sampling, Storage and Disposal) ചട്ട പ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

ഗോഡൗണിൽ മുതലുകൾ സൂക്ഷിക്കുന്നതിന് ഫോറം- 3 ൽ പറയും പ്രകാരം ഒരു രജിസ്റ്റർ ഗോഡൗണിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ സൂക്ഷിക്കുന്നതിനോടൊപ്പം ഗോഡൗൺ തുറക്കുന്ന സമയം, എന്തിനു വേണ്ടി തുറന്നു, ആരാണ് തുറന്നത്, ആരുടെ സാന്നിധ്യത്തിൽ തുറന്നു, ഏതെങ്കിലും മുതലുകൾ പുതുതായി ഗോഡൗണിൽ സ്വീകരിച്ചിട്ടുണ്ടോ, ഗോഡൗണിൽ സൂക്ഷിപ്പിലായിരുന്ന മുതൽ പരിശോധിക്കുകയോ, പുറത്തുകൊണ്ടു പോവുകയോ ചെയ്തിട്ടുണ്ടോ എന്നുള്ള വിവരവും, എപ്പോൾ ഗോഡൗൺ പൂട്ടി എന്നതും ഒരു സന്ദർശക ഡയറിയിൽ രേഖപ്പെടുത്തി ഗോഡൗണിൽ സൂക്ഷിക്കേണ്ടതാണ്. ഈ ഡയറിയിൽ ഗോഡൗണിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ മറ്റാരുടെയെങ്കിലും സാന്നിധ്യത്തിലാണ് ഗോഡൗൺ തുറന്നതെങ്കിൽ ഗോഡൗൺ ചുമതലയുള്ള ഉദ്യോഗസ്ഥനും, ആ വ്യക്തിയും, തീയതിയും സമയവും രേഖപ്പെടുത്തി ഒപ്പുവയ്ക്കേണ്ടതാണ്. ഈ ഡയറി ഫോറം-3 ൽ പറയുന്ന രജിസ്റ്ററിന് പുറമെയാണ്.

Signed by
S. Aananthakrishnan Ips
Date: 10-05-2023 15:40:39

S. AANANTHAKRISHNAN IPS

**എക്സൈസ് കമ്മീഷണർ**

<u>പകർപ്പ്:</u>

1. അഡീഷണൽ എക്സൈസ് കമ്മീഷണർ(ഭരണം/എൻഫോഴ്സ്മെന്റ്)
2. വിജിലൻസ് ഓഫീസർ(എക്സൈസ്)
3. ജോയിന്റ് എക്സൈസ് കമ്മീഷണർ(എല്ലാം)
4. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ(എല്ലാം)
5. അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ(എല്ലാം)
6. എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ(എല്ലാം)

7. എക്സൈസ് ഇൻസ്പെക്ടർ(എല്ലാം)
8. സിഎ ടു എക്സൈസ് കമ്മീഷണർ
9. സിഎ ടു അഡീഷണൽ എക്സൈസ് കമ്മീഷണർ(ഭരണം/എൻഫോഴ്സ്മെന്റ്)
10. ഓഫീസ് ഫയൽ/സ്റ്റോക്ക് ഫയൽ